MR. PRESIDENT : മിക്കവാറും വരാവുന്ന ഉപചോദ്യങ്ങൾക്കുള്ള ഉത്തരംകൂടി പറയാൻ ഗവണ്മെൻറു മെംബറന്മാർ തയാറാകേണ്ടതാണു്. എന്നാൽ ചിലപ്പോൾ ചില ഉപചോദ്യങ്ങൾക്കു് പെട്ടെന്നു് മറുപടി പറയാൻ കഴിഞ്ഞില്ലെന്നു് വന്നേക്കും. അങ്ങനെയുള്ള സന്ദർഭങ്ങളിൽ നോട്ടീസ് വേണമെന്നു് അവർക്കു് അവകാശപ്പെടാവുന്നതാണു്.

നെൽക്കൃഷി.

14 MR. E. P. PAULOSE: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹു മാനപ്പെട്ട മന്ത്രി സഭയം മറുപടി പറയുമോ?

(എ) ഈ കൊല്ലം വനം കൃഷിയിൽനിന്നും മിഛ്റു ക്യൂറിഗേഷൻ പദ്ധതികൾ വികസിപ്പിച്ചിട്ടുള്ളതു നിമിത്തം കൂടുതലായി എത്ര മാത്രം നെല്ലു കിട്ടുമെന്നാണു് ഗവണ്മെൻറു് പ്രതീക്ഷിക്കുന്നതു്?

(ബി) ഇങ്ങനെ നെല്ലു് കൂടുതൽ ലഭിക്കുന്നതു നിമിത്തം ഭക്ഷ്യധാന്യനിയന്ത്രണം നീക്കുന്നതിനു സാധിക്കുമോയെന്നുള്ളതിനെപ്പറ്റി ഗവണ്മെൻറു് ആലോചിക്കുമോ?

HON'BLE MR. A. THANU PILLAI : (a) Ten Lakhs of paras of paddy.

(b) The matter is engaging the attention of Government.

Superintendent, State Transport.

15. MR. T. K. NARAYANA PILLAI (*Parur II—General*): Will the Honourable Minister for Transport be pleased to state:

(*a*) whether an enquiry was conducted against Mr. Ramamurthy the present Director of the State Transport; and

(*b*) if so, the result of such enquiry and the action, if any taken or contemplated to be taken on the basis of such enquiry?

HON'BLE MR. T. M. VARGHESE : (എ) മി. രാമമൂർത്തിയുടെ പേരിൽ അന്വേഷണം നടത്തി റിപ്പോർട്ടു വാങ്ങിയിട്ടുണ്ടു്. (ബി) ആ റിപ്പോർട്ടു ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെടുകയും അതിനെപ്പറ്റി ചെയ്യേണ്ട തീരുമാനങ്ങൾ സംബന്ധിച്ചു് ഗവണ്മെൻറു് ആലോചിച്ചുവരുകയുമാണു്. അവസാനതീരുമാനം ആയിട്ടില്ല.

MR. T. K. NARAYANA PILLAI : എന്നാണു് റിപ്പോർട്ടു ഗവണ്മെൻറിലേക്കു് സമർപ്പിച്ചതെന്നു പറയാമോ?

LIBRARY ARCHIVES Kerala Legislative Assembly